©
കേരള സർക്കാർ
Government of Kerala
2018

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2018-20

# കേരള ഗസററ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 7<br>Vol. VII | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2018 ജൂലൈ 3<br>3rd July 2018<br>1193 മിഥുനം 19<br>19th Mithunam 1193<br>1940 ആഷാഢം 12<br>12th Ashadha 1940 | നമ്പർ<br>No. | 27 |

# PART III

# Police Department

NOTIFICATION

No. T4/43762/2018/PHQ. *11th June 2018.*

The following is the Select List of Armourer Sub Inspectors fit for Promotion as Armourer Inspectors for the year 2017 (for filling up the vacancies for the year 2018) prepared by the Departmental Promotion Committee (Lower) held on 4-4-2018 which was approved by the Government vide letter No. K1/101/2018/Home dated 31-5-2018.

**Select List of Armourer Sub Inspectors**
**(For filling up the vacancies for the year 2018)**

1. Sri Vinayan, K. R.
2. Sri Chandran, K.
3. Sri Jayaprakash, T.
4. Sri Chandu Nair, P.

LOKNATH BEHERA IPS,
*State Police Chief & Convenor,*
*Departmental Promotion*
*Committee (Lower).*

Police Headquarters,
Thiruvananthapuram.

Gaz. No. 27/2018/DTP (Police).

ലേല പരസ്യം

No. R1-6247/2017/PHQ. 2018 ജൂൺ 11.

പോലീസ് ആസ്ഥാനത്തിന്റെ അധീനതയിൽ ഉള്ളതും തിരുവനന്തപുരം എസ്. എ. പി. ക്യാമ്പ് പരിസരത്ത് സ്ഥിതി ചെയ്യുന്നതും സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ സൂക്ഷിച്ചിട്ടുള്ളതും ഡിപ്പാർട്ടുമെന്റിന് ഉപയോഗമില്ലാത്തതും 17 ബാരലുകളിലായി നിറച്ചിരിക്കുന്നതുമായ 3530 ലിറ്റർ വേസ്റ്റ് ഓയിൽ, ബാരൽ ഉൾപ്പെടെ 2018 ജൂലൈ 19 വ്യാഴാഴ്ച പകൽ 11 മണിക്ക് സെൻട്രൽ പോലീസ് വർക്ക്ഷോപ്പിൽ വച്ച് പരസ്യമായി ലേലം ചെയ്ത് വിൽക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

നിരതദ്രവ്യം—` 7,000.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്ത് നേരിട്ട് ഹാജരാകേണ്ടതാണ്. കൂടാതെ ടി സാധനം വാങ്ങിക്കാൻ ഉദ്ദേശിക്കുന്ന വ്യക്തികളിൽ നിന്നും മുൻകൂട്ടി മുദ്രവച്ച കവറിൽ ദർഘാസുകൾ സ്വീകരിക്കുന്നതും അത് നേരിട്ടോ തപാൽ മാർഗ്ഗമോ 2018 ജൂലൈ 17-ന് വൈകിട്ട് 4 മണിക്ക് മുൻപായി പോലീസ് ആസ്ഥാനത്ത് ലഭിക്കത്തക്ക വിധം അയച്ചുതരേണ്ടതുമാണ്. ദർഘാസിനോടൊപ്പം നിരതദ്രവ്യമായി മേൽപറഞ്ഞിരിക്കുന്ന തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും സംസ്ഥാന പോലീസ് മേധാവിയുടെ പേരിൽ വാങ്ങി ഉള്ളടക്കം ചെയ്യേണ്ടതാണ്.

ടെണ്ടർ ഫോറം ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണിക്കും വൈകിട്ട് 5 മണിക്കും ഇടയിൽ പോലീസ് ആസ്ഥാനത്തുനിന്നും ലഭിക്കുന്നതാണ്. നിശ്ചിത നിരതദ്രവ്യം ഇല്ലാത്ത ടെണ്ടറുകൾ നിരുപാധികം നിരസിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ ''വേസ്റ്റ് ഓയിൽ ലേലത്തിനുള്ള ടെണ്ടർ'' എന്നെഴുതി കവർ സീൽ ചെയ്തിരിക്കണം.

പരസ്യലേലം അവസാനിച്ചാൽ ടെണ്ടറുകൾ തുറക്കുന്നതും ലേലത്തിലോ ടെണ്ടറിലോ ഏതിലാണോ കൂടുതൽ തുക രേഖപ്പെടുത്തിയിരിക്കുന്നത് ആ തുകയ്ക്ക് യുക്തം എന്ന് തോന്നുന്നപക്ഷം വിൽപ്പന ബന്ധപ്പെട്ട ആളിന്റെ പേരിൽ നിശ്ചയിക്കുന്നതും ടിയാൻ ഉടൻതന്നെ ലേലം/ദർഘാസ് തുകയും നികുതിയും ഉൾപ്പെടെയുള്ള തുക (നിരതദ്രവ്യം ഒഴിച്ച്) ലേലസ്ഥലത്ത് വച്ചു അടയ്ക്കേണ്ടതുമാണ്. പോലീസ് ആസ്ഥാനത്തുനിന്നും ഉത്തരവ് ലഭിച്ച് 7 ദിവസത്തിനകം ലേലം/ദർഘാസ് പ്രകാരം ലഭിച്ച സാധനം സ്വന്തം ചിലവിൽ നീക്കം ചെയ്യേണ്ടതാണ്. ലേലത്തിൽ പങ്കെടുത്ത മറ്റുള്ളവരുടെ നിരതദ്രവ്യം ലേലം കഴിഞ്ഞാലുടൻ തന്നെ മടക്കി ലഭിക്കുന്നതാണ്.

മേൽപ്പറഞ്ഞ പ്രകാരം ലേലം/ദർഘാസ് കൊണ്ടയാൾ ഈ നിബന്ധനകൾ ലംഘിച്ചാൽ ബന്ധപ്പെട്ടയാളുടെ നിരതദ്രവ്യം സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി സാധനങ്ങൾ പുനർലേലം ചെയ്യുന്നതും പുനർലേലത്തിൽ സർക്കാരിന് എന്തെങ്കിലും നഷ്ടം ഉണ്ടായാൽ ആയതിന് ആദ്യം ലേലം കൊണ്ടയാൾ ഉത്തരവാദിയായിരിക്കുന്നതുമാണ്. പുനർലേലത്തിൽ മുൻ വിൽപ്പനയേക്കാൾ കൂടുതൽ തുക ലഭിച്ചാൽ ടിയാന് ആയതിന് യാതൊരു അവകാശവും ഉണ്ടായിരിക്കുന്നതല്ല.

ലേലം ചെയ്യുവാൻ ഉദ്ദേശിക്കുന്നതും സെൻട്രൽ വർക്ക് ഷോപ്പിൽ സൂക്ഷിച്ചിരിക്കുന്നതുമായ വേസ്റ്റ് ഓയിൽ ലേലത്തിനു മുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള സമയത്ത് തിരുവനന്തപുരം പോലീസ് ആസ്ഥാനത്തെ മോട്ടോർ ട്രാൻസ്പോർട്ട് പോലീസ് സൂപ്രണ്ടിന്റെ മുൻകൂർ അനുവാദത്തോടുകൂടി പരിശോധിക്കാവുന്നതാണ്.

യാതൊരു കാരണവും കാണിക്കാതെ ഈ നോട്ടീസിൻ പ്രകാരമുള്ള ലേലം മാറ്റി വെയ്ക്കുന്നതിനോ ലേലം/ദർഘാസ് വിൽപ്പന അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം സംസ്ഥാന പോലീസ് മേധാവിയിൽ നിക്ഷിപ്തമായിരിക്കുന്നതാണ്.

പോലീസ് ഹെഡ്ക്വാർട്ടേഴ്സ്,
തിരുവനന്തപുരം.

**അജിത്, കെ.,**
സൂപ്രണ്ട് ഓഫ് പോലീസ്
(For *State Police Chief*).

---

ദർഘാസ്/ലേലപ്പരസ്യം

നമ്പർ ഇ2 (ബി)–12213/2017/ഇ.സി. 2018 ജൂൺ 1.

കൊച്ചി സിറ്റി ജില്ലാ സായുധസേന, കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ള 600 ലിറ്റർ മണ്ണെണ്ണ 2018 ജൂലൈ മാസം 31–ാം തീയതി ചൊവ്വാഴ്ച പകൽ 11 മണിക്ക് കൊച്ചി സിറ്റി ജില്ലാ പോലീസ് ആസ്ഥാനത്തുവച്ച് ദർഘാസ്/പരസ്യലേലം വഴി വില്പന നടത്തുന്നതാണ്.

ലേലം ചെയ്യുന്ന വസ്തു—മണ്ണെണ്ണ.

നിരതദ്രവ്യം—` 1,050.

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം നടക്കുന്ന സ്ഥലത്ത് നേരിട്ടു ഹാജരാകേണ്ടതും ലേലം തുടങ്ങുന്നതിന് ഒരു മണിക്കൂർ മുമ്പായി മേൽപ്പറഞ്ഞ മണ്ണെണ്ണയ്ക്ക് നിശ്ചയിച്ചിട്ടുള്ള നിരതദ്രവ്യം അടച്ച് രസീത് വാങ്ങേണ്ടതുമാണ്.

ലേലത്തിൽ പങ്കുകൊള്ളുന്നതിനായി മുദ്രവച്ച ദർഘാസുകളും സ്വീകരിക്കുന്നതാണ്. ദർഘാസുകൾ ലേലത്തലേന്ന് അതായത് 30–ാം തീയതി തിങ്കളാഴ്ച 2 മണിവരെ കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ സ്വീകരിക്കുന്നതാണ്. ചട്ടപ്രകാരമുള്ള ദർഘാസിനോടൊപ്പം നിരതദ്രവ്യ തുകയുടെ നിരക്കിൽ ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽനിന്നും കൊച്ചി സിറ്റി ജില്ലാ പോലീസ് മേധാവിയുടെ പേരിൽ മാറാവുന്ന ഡിമാന്റ് ഡ്രാഫ്റ്റ് അടക്കം ചെയ്യേണ്ടതാണ്. കവറിന് പുറത്ത് "മണ്ണെണ്ണ ലേലത്തിനുള്ള ടെണ്ടർ'' എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

ലേലം അവസാനിച്ചാലുടൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ മുമ്പിൽ വച്ച് ദർഘാസുകൾ തുറക്കുന്നതും ലേലത്തിൽ അഥവാ ദർഘാസിൽ ഏതിലാണോ കൂടുതൽ തുകയുള്ളത് ആ തുകയ്ക്ക് ലേലം താൽക്കാലികമായി ഉറപ്പിക്കുകയും ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേലം കൊണ്ടയാൾ അടച്ച് രസീത് കൈപ്പറ്റുകയും ചെയ്യേണ്ടതാണ്. ബാക്കി തുക നിയമാനുസൃതമായ നികുതി ഉൾപ്പെടെ ലേലം സ്ഥിരപ്പെടുത്തിയ ഉത്തരവ് തീയതി മുതൽ 10 ദിവസത്തിനകം അടച്ച് സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും മണ്ണെണ്ണ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്നയാൾ ലേലനിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച സംഖ്യ സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും ടി മണ്ണെണ്ണ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻലേലക്കാരന് യാതൊരുവിധ അവകാശമോ അർഹതയോ ഉണ്ടായിരിക്കുന്നതുമല്ല.

ലേല വസ്തു ലേലത്തിനുമുൻപുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണിവരെ എറണാകുളം സായുധസേനാ ക്യാമ്പിൽ കമാണ്ടന്റിന്റെ മുൻകൂർ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവെയ്ക്കാനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്താനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനും ജില്ലാ പോലീസ് മേധാവിക്ക് അധികാരമുണ്ടായിരിക്കും. ലേലം സംബന്ധിച്ച് കൊച്ചി സിറ്റി പോലീസ് മേധാവിയുടെ തീരുമാനം അന്തിമമായിരിക്കും.

സിറ്റി പോലീസ് ഓഫീസ്,
കൊച്ചി.

**ദിനേശ്, എം. പി.,**
**ഐ.പി.എസ്.**
ജില്ലാ പോലീസ് മേധാവി.

## പുനർ ലേലപ്പരസ്യം

(1)

നമ്പർ ഇ2-15761/2016/കെ. ഇ. പി. എ. 2018 ജൂൺ 8.

തൃശ്ശൂർ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ അധീനതയിലുള്ളതും കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ പോലീസ് വകുപ്പിൽ ഇപ്പോൾ ഉപയോഗപ്രദമല്ലാത്ത താഴെ പറയുന്ന വാഹനങ്ങൾ 10-7-2018-ാം തീയതി 11 മണിക്ക് തൃശ്ശൂർ കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ വെച്ച് പരസ്യമായി പുനർലേലം ചെയ്തു കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | കെ. എൽ. 01 എക്സ് 9386 | മാരുതി ഒമിനി | 2002 | 250 |
| 2 | കെ. എൽ. 01 എ. എച്ച്. 2004 | മോട്ടോർ സൈക്കിൾ | 2005 | 100 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് തന്നെ മേൽ പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതും കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ കാര്യാലയത്തിൽ 9-7-2018-ാം തീയതി 4 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കേരള പോലീസ് അക്കാദമി ഡയറക്ടറുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ചതിന്റെ രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് അടക്കം ചെയ്ത കവറിന് മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു നൽകുന്നതുമാണ്. ലേലത്തിനെടുത്തയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേലസ്ഥലത്ത് വെച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള നികുതിയും അടച്ച് സ്വന്തം ചിലവിൽ ലേല വസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതുമല്ല.

മേൽ പറഞ്ഞ വാഹനങ്ങൾ ലേലത്തീയതിക്ക് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്.

യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം കേരള പോലീസ് അക്കാദമിയിലെ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

(2)

നമ്പർ ഇ2-28560/2016/കെ. ഇ. പി. എ. 2018 ജൂൺ 8.

തൃശ്ശൂർ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ അധീനതയിലുള്ളതും കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ സൂക്ഷിച്ചിട്ടുള്ളതുമായ പോലീസ് വകുപ്പിൽ ഇപ്പോൾ ഉപയോഗപ്രദമല്ലാത്ത താഴെ പറയുന്ന വാഹനങ്ങൾ 10-7-2018-ാം തീയതി 11 മണിക്ക് തൃശ്ശൂർ കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ കാര്യാലയത്തിൽ വെച്ച് പരസ്യമായി ലേലം ചെയ്തു കൊടുക്കുന്നതാണ്.

| ക്രമ നമ്പർ | രജിസ്റ്റർ നമ്പർ | ഇനം | മോഡൽ | നിരതദ്രവ്യം |
|---|---|---|---|---|
| 1 | കെ. എൽ. 01 എക്സ് 9374 | ഓപ്പൺ ലോറി | 2002 | 900 |
| 2 | കെ. എൽ. 01 എക്സ് 9938 | ബസ് | 2002 | 900 |
| 3 | കെ. എൽ. 01 എ. ഇ. 2337 | ടിപ്പർ ലോറി | 2004 | 2,000 |
| 4 | കെ. എൽ. 01 എ. ജി. 9374 | റ്റാറ്റാ സുമോ | 2005 | 750 |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുമ്പ് തന്നെ മേൽ പറഞ്ഞ നിരക്കിലുള്ള നിരതദ്രവ്യം ലേല സ്ഥലത്ത് അടച്ച് രസീത് വാങ്ങിയിരിക്കേണ്ടതും കൃത്യസമയത്ത് ലേലസ്ഥലത്ത് ഹാജരായിരിക്കേണ്ടതുമാണ്.

മേൽപ്പറഞ്ഞ ലേലത്തിന് മുദ്രവെച്ച ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ നേരിട്ടോ തപാൽമാർഗ്ഗമോ കേരള പോലീസ് അക്കാദമി ഡയറക്ടറുടെ കാര്യാലയത്തിൽ 9-7-2018-ാം തീയതി 4 മണിക്ക് മുമ്പായി ലഭിക്കേണ്ടതാണ്. ദർഘാസിനൊപ്പം ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നും കേരള പോലീസ് അക്കാദമി ഡയറക്ടറുടെ പേരിലെടുത്ത ഡിമാന്റ് ഡ്രാഫ്റ്റ് അല്ലെങ്കിൽ നിരതദ്രവ്യം അടച്ചതിന്റെ രസീത് അടക്കം ചെയ്യേണ്ടതാണ്. ദർഘാസ് അടക്കം ചെയ്ത കവറിന് മുകളിൽ "വാഹന ലേലത്തിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്.

പരസ്യ ലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘാസിലോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതും ലേലം/ദർഘാസ് നഷ്ടപ്പെട്ടവർക്ക് നിരതദ്രവ്യം തിരിച്ചു

നൽകുന്നതുമാണ്. ലേലത്തിനെടുത്തയാൾ ഉടൻ തന്നെ ലേലം/ദർഘാസ് തുകയുടെ പകുതി സംഖ്യ (നിരതദ്രവ്യം കഴിച്ച്) ലേലസ്ഥലത്ത് വെച്ച് തന്നെ അടച്ച് രസീത് വാങ്ങേണ്ടതാണ്. ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 10 ദിവസത്തിനകം ബാക്കി തുകയും നിയമാനുസൃതമുള്ള നികുതിയും അടച്ച് സ്വന്തം ചിലവിൽ ലേലവസ്തുക്കൾ നീക്കം ചെയ്യേണ്ടതാണ്.

ഏതെങ്കിലും കാരണവശാൽ ലേലം/ദർഘാസ് സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ ലേല നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക സർക്കാരിലേക്ക് മുതൽ കൂട്ടുന്നതും സാധനങ്ങൾ പുനർലേലം ചെയ്യുന്നതുമായിരിക്കും. പുനർലേലത്തിൽ സർക്കാരിന് ഉണ്ടാകുന്ന നഷ്ടം മുൻലേലക്കാരനിൽ നിന്നും ഈടാക്കുന്നതും മറിച്ച് കൂടുതലായി ലഭിക്കുന്ന തുകയ്ക്ക് മുൻലേലക്കാരന് യാതൊരുവിധ അവകാശവും ഉണ്ടായിരിക്കുന്നതല്ല.

മേൽ പറഞ്ഞ വാഹനങ്ങൾ ലേലത്തീയതിക്ക് മുമ്പുള്ള 10 പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണിവരെയുള്ള ഏതെങ്കിലും സമയത്ത് കേരള പോലീസ് അക്കാദമിയിലെ മോട്ടോർ ട്രാൻസ്പോർട്ട് ഇൻസ്പെക്ടറുടെ അനുമതിയോടുകൂടി പരിശോധിക്കാവുന്നതാണ്. യുക്തമെന്ന് തോന്നുന്നപക്ഷം യാതൊരു മുന്നറിയിപ്പോ കാരണമോ കാണിക്കാതെ ലേലം നിർത്തിവയ്ക്കുന്നതിനും ലേലം/ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനും ലേല നടപടികൾ റദ്ദ് ചെയ്യുന്നതിനുമുള്ള അധികാരം കേരള പോലീസ് അക്കാദമിയിലെ ഡയറക്ടറിൽ നിക്ഷിപ്തമാണ്.

അനൂപ് കുരുവിള ജോൺ,
ഐ. പി. എസ്.,
ഡെപ്യൂട്ടി ഇൻസ്പെക്ടർ
ജനറൽ ഓഫ് പോലീസ്,
*(For Director.)*

കേരള പോലീസ്
അക്കാദമി, തൃശ്ശൂർ.